(രജിസ്റ്റർ ചെയ്തു കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ. 12/27/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ

തീയതി: 04.03.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്

സർ,
വിഷയം : നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് –സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം2ലെയും ഭാഗം 3ലെ 3-1മുതൽ 3-6 വരെയുള്ള ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസി. ഡവലപ്മെന്റ് കമ്മീഷണർ, പൈനാവ്, ഇടുക്കി

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. ഐ.ഡി.കെ.12/27/2017 തീയതി: 04.03.2017

# ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24-11-2015 മുതൽ 08-01-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടി യൊന്നും ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. മുരളീദാസ് എസ്.<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 09.01.2017മുതൽ 13.01.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.എം.കെ.മധുസൂദനൻനായർ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. എം.ടി സോമൻ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. എം. എസ് രാജീവ് | അസി.ഓഡിറ്റ് ഓഫീസർ |

(ബി) നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | 1 | ശ്രീമതി. കിങ്ങിണി രാജേന്ദ്രൻ | 1-4-2015മുതൽ 31-10-2015വരെ |
| | | 2 | ശ്രീമന്ദിരം ശശികുമാർ | 01.11.2015മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | 1 | ശ്രീ.ഇ.എൻ വിശ്വംഭരൻ | 01-04-2015മുതൽ 31.12.15വരെ |
| | | 2 | ശ്രീ. കെ. സി രാജു | 29.01.16 മുതൽ 08.02.16 വരെ |
| | | 3 | ശ്രീ. ഷെറഫ് പി ഹംസ | 15.02.16മുതൽ 31-03-16 വരെ |

| | | | | |
|---|---|---|---|---|
| | | 4 | ശ്രീ.കെ.യു.ഷെരീഫ് ജോ.ബി.ഡി.ഒ. (അധിക ചുമതല) | 01.01.16 മുതൽ 28.01.16 വരെയും<br>09.02.16 മുതൽ 14.02.16 വരെയും |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| അസി.എക്സി.എൻജിനീയർ | | | ശ്രീ.ബിജു.കെ<br>ശ്രീ.ശിവകുമാർ.ജി | 01.04.15 മുതൽ 18.06.2015 വരെ 19.06.15 മുതൽ 31.03.2016 വരെ |
| സൂപ്രണ്ട്, താലൂക്ക് ആശുപത്രി, നെടുങ്കണ്ടം | | | ഡോ.സി.എൻ കീർത്തി<br>ഡോ. കെ. എ പയസ് | 01.04.2015 മുതൽ 08.02.2016 വരെ09.02.16മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ,<br>ബ്ലോക്ക് പി എച്ച് സി, പാമ്പാടുമ്പാറ | | | ഡോ. വി. കെ പ്രശാന്ത് | 01.04.2015 മുതൽ 31.03.2016 വരെ |
| പട്ടികവർഗ്ഗ വികസന ഓഫീസർ | | | ശ്രീ. വി ജി പ്രദീപ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | | | ശ്രീ.പി ബി ബാബു. | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി അസി ഡയറക്ടർ | | | ശ്രീ.പ്രിൻസ് മാത്യു | 01.04.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | I-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം 2 | | | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 2-1 | |
| 13 | ടെണ്ടർ ഫാറവില, വാറ്റ് എന്നിവ അക്കൗണ്ടിൽ വരുന്നില്ല | 2-2 | |
| ഭാഗം 3 | | | |
| 14 | വലിയതോവാള കർഷക ഓപ്പൺ മാർക്കറ്റ് നിർമ്മാണം | 3-1 | |
| 15 | വനിത ഗ്രൂപ്പുകൾക്ക് ജാതിതൈ വിതരണം | 3-2 | |
| 16 | പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയത് | 3-3 | |
| 17 | റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകിയത് | 3-4 | |
| 18 | ബിറ്റുമിന്റെ വിലവ്യത്യാസം ഈടാക്കിയില്ല | 3-5 | |
| 19 | സ്നേഹസ്പർശം പാലിയേറ്റീവ് പരിചരണം | 3-6 | |
| ഭാഗം 4 | | | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 25 | ഓഡിറ്റ് റിക്കവറി | 4-6 | |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 29 | അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി

സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 25.06.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടില്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 46768085 |
| വരവ് | : | 112422148 |
| ആകെ | : | 159190233 |
| ചെലവ് | : | 124388664 |
| നീക്കിയിരിപ്പ് | : | 34801569 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7512945 | 3582700 | 43339945 | 34066893 | 79% |
| വികസനഫണ്ട് എസ്.സി.പി. | 2099 | 680200 | 6804099 | 6793349 | 99.84% |
| വികസനഫണ്ട് ടി.എസ്.പി. | - | 1128000 | 1128000 | 1115200 | 99% |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | - | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 375000 | 5212000 | 5587000 | 2878078 | 52% |

മേൽ പട്ടികയിലെ വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ളതാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 92 | 141683737 | 69 | 49020043 | 19 | 4 | |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല. (ഭാഗികമായി നടപ്പാക്കിയവയും, നടപ്പാക്കാത്തവയും പിന്നീട് സ്പിൽ ഓവറായി പൂർത്തിയാക്കിയിട്ടുണ്ട്.)

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 25ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവും പരിഗണിക്കേണ്ടതാണ്.)

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| നികുതിയേതര വരവുകൾ | | | | |
| വാടക | 105243 | 131775 | (+)26232 | 25%(+) |
| ബാങ്ക് പലിശ | - | 12635 | (+) 12635 | - |
| ആകെ | 105243 | 144410 | 38867 | 36.93% (+) |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പായി തുകയൊന്നുമുണ്ടായിരുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകൾ ഫയലുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നതിൽ വിമുഖത കാണുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വരവുകൾക്ക് ഉപോത്ബലകമായ രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ യഥാവിധി സൂക്ഷിച്ചിട്ടില്ല. ഈ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-11-2006 മുതൽ 16-11-2006 വരെ | 2005-2006& 2006-2007 | 30-09-2009 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-03-2015-19-03-2015& 16-04-2015-18-04-2015 | 2009-10 to 2013-14 | 19-06-2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) കുടിശിക ഡിമാന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

2) ധനകാര്യവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

3) ആസ്തി ബാധ്യതകൾ കൃത്യമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) ഡിപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5) ഇ എം എസ് ഭവന പദ്ധതിയുടെ ലോൺ അക്കൗണ്ട് (തിരിച്ചടവു വിവരമുൾപ്പെടെ)വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) മുൻവർഷത്തിലോ തൻവർഷത്തിലോ വാട്ടർവേയ്സ് എന്ന ഹെഡിൽ ബ്ലോക്ക് പഞ്ചായത്തിന് ആസ്തിയില്ല. എന്നാൽ തൻവർഷം ഈയിനത്തിൽ ഡിപ്രിസിയേഷൻ (₹2834545/-) ഉണ്ട്. ആസ്തിയില്ലാതെ ഡിപ്രിസിയേഷനില്ല എന്നതിനാൽ ഇത് ക്രമവിരുദ്ധമാണ്.

7. രേഖകളുടെ പിൻബലമില്ലാതെ താഴെ കൊടുത്തിട്ടുള്ള ഷെഡ്യൂൾ I 18 പ്രകാരം എഴുതി തള്ളിയിരിക്കുന്നു.

- ഓപ്പറേഷൻസ് & മെയിന്റനൻസ് – ₹250000/-
- മിസലേനിയസ് എക്സ്പെൻസസ് – ₹109425/-

ഈ അപാകതകൾ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ടെണ്ടർ ഫാറ വില, വാറ്റ് എന്നിവ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുമ്പോൾ ഓൺലൈൻ വഴി ലഭിക്കുന്ന ടെണ്ടർ ഫാറ വില, വാറ്റ് എന്നിവ യഥാക്രമം ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിലും, സംസ്ഥാന വില്പനനികുതി വകുപ്പിലും കാലതാമസം കൂടാതെ ഒടുക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യാതെ ഈ തുക എൽ എസ് ജി ഡി ഇടുക്കി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായി നിർവഹണ

ഉദ്യോഗസ്ഥൻ വിശദീകരിച്ചു. ഈ തുക അടിയന്തിരമായി ലഭ്യമാക്കി നിർദ്ദിഷ്ട അക്കൗണ്ടുകളിൽ വരവ് വയ്ക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വലിയതോവാള കർഷക മാർക്കറ്റ് നിർമ്മാണം- സംസ്ഥാന ഹോർട്ടി കൾച്ചർ മിഷനിൽ നിന്നും ആവശ്യമായ വിഹിതം ലഭ്യമാക്കിയില്ല- പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവ്

| | | |
|---|---|---|
| പദ്ധതി നം. | : | 38/16 |
| നിർവഹണ ഉദ്യോഗസ്ഥൻ | : | അസി. എക്സി.എഞ്ചിനീയർ |
| അടങ്കൽ | : | ₹2400000/-(പ്ലാൻ ₹1200000/-+സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ.₹1200000/-) |
| കോൺട്രാക്ടർ | : | അനീഷ് കുമാർ |
| അളവു പുസ്തകം നം. | : | 249/15-16 |
| ചെലവ്-ബിൽ നം. | : | 13/18-02-16 ₹1200000/-(പാർട്ട് ബിൽ) |

സംസ്ഥാന ഹോർട്ടി കൾച്ചർ മിഷനും ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി ആവിഷ്കരിച്ച ഈ പദ്ധതിയിൽ ചെലവ് 50:50 അനുപാതത്തിലാണ് വഹിക്കേണ്ടിയിരുന്നത്.മിഷന്റെ 09.04.2015 ലെ 181/SHM/14 നമ്പർ കത്ത് ഈ വ്യവസ്ഥ അംഗീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ആകെ പ്രവൃത്തിമൂല്യമായ ₹2225570/-ൽ നിന്നും 13.6% ടെണ്ടർ കിഴിവ് നടത്തിയതിനു ശേഷമുള്ള ₹1924603/-ന്റെ പകുതിയായ ₹962301/- സംസ്ഥാന ഹോർട്ടി കൾച്ചർ മിഷനിൽ നിന്നും ലഭ്യമാക്കുന്നതിനു പകരം ₹724603/-മാത്രമാണ് ആവശ്യപ്പെട്ട് വാങ്ങി ചെലവഴിച്ചിട്ടുള്ളത് (ചെക്ക്നം.70468 തിയതി30.11.2016.ബാക്കി 12 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ സൂചിത പാർട്ട് ബിൽ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച ₹237698/- (1200000-962302) സംസ്ഥാന ഹോർട്ടി കൾച്ചർ മിഷനിൽ നിന്നും ലഭ്യമാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

## 3-2 വനിതാഗ്രൂപ്പ്കൾക്ക് ജാതിതൈ വിതരണ പദ്ധതി-മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കി

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| പദ്ധതി വിഹിതം | : | ₹ 499200/- |
| ഗുണഭോക്തൃവിഹിതം | : | ₹ 166400/- |
| അടങ്കൽ | : | ₹ 665600/- |

| പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | ബിൽനമ്പർ/തീയതി | ചെലവഴിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| 100/2016 | വനിതാഗ്രൂപ്പ്കൾക്ക് ജാതിത്തൈ വിതരണം | 03/15-16 /26-03-16 | ₹499200/- |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം നടപ്പിലാക്കിയ വനിതാഗ്രൂപ്പ്കൾക്ക് ജാതിതൈ വിതരണം എന്ന പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന 104 വനിത സ്വയംസഹായ സംഘങ്ങൾക്ക് ₹320/- നിരക്കിൽ 2080 ജാതിതൈ കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ, തൊടുപുഴയിൽ നിന്നും നേരിട്ട് വാങ്ങി നൽകിയിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി ജി.ഒ.(എം.എസ്)362/13/ 16-11-2013 ലെ സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 16 3.1 ക്രമനമ്പർ 4 അനുസരിച്ച് നാമമാത്ര കർഷകർക്ക് മാത്രമേ ഫല-പുഷ്പ-വാഴ-കിഴങ്ങ്, ഔഷധസസ്യകൃഷിക്കുള്ള വിത്തുകളും തൈകളും വാങ്ങി നൽകാൻ അനുവാദമുള്ളൂ. ദീർഘകാലവിളയായ ജാതികൃഷി നടത്തുന്നതിന് സംഘങ്ങൾക്ക് തൈ വിതരണം നടത്തുവാൻ ബ്ലോക്ക് പഞ്ചായത്തിന് പ്രസ്തുത സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവാദമില്ല. ഇതിനു വിരുദ്ധമായി പദ്ധതിനിർവ്വഹണം ഏറ്റെടുത്ത് നടപ്പിലാക്കിയത് പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്.

കൂടാതെ തൈകൾ കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ, തൊടുപുഴയിൽ നിന്നും നേരിട്ട് വാങ്ങി നൽകിയിരിക്കുകയാണ്. സർക്കാർ ഫാമുകളിൽ/സ്ഥാപനങ്ങളിൽ നിന്നും മാത്രമേ തൈകൾ നേരിട്ട് വാങ്ങാൻ അനുവാദമുള്ളൂ.അല്ലാത്തപക്ഷം സർക്കാർ അംഗീകൃതഫാമുകളിൽനിന്നും ക്വട്ടേഷൻ/ടെൻണ്ടർ മുഖേന മാത്രമേ വാങ്ങാൻ കഴിയൂ.എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ജാതിതൈകൾ കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ,തൊടുപുഴയിൽ നിന്നും നേരിട്ട് വാങ്ങിയിരിക്കുകയാണ്.ഇതും ക്രമവിരുദ്ധമാണ്.

പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടുകൾ നടപ്പിലാക്കിയതിനാൽ ₹499200/- നഷ്ടം ബ്ലോക്ക് പഞ്ചായത്തിന് സംഭവിച്ചിരിക്കുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ₹499200/-യുടെ നഷ്ടം ഉത്തരവാദിയായ കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയത് ക്രമവിരുദ്ധം.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| പദ്ധതി വിഹിതം | : | ₹1294850/- |
| ഗുണഭോക്തൃവിഹിതം | : | ₹677000/- |
| തനത് ഫണ്ട് | : | ₹205150/- |
| അടങ്കൽ | : | ₹2177000/- |

| പ്രോജക്ട് | പദ്ധതിയുടെ പേര് | ബിൽനമ്പർ/തീയതി | ചെലവഴിച്ച |
|---|---|---|---|

| നമ്പർ | | | തുക |
|---|---|---|---|
| 61/2016 | വനിതാഗ്രൂപ്പുകൾക്ക് പവർസ്പ്രെയർ, കാട്ടുവെട്ട് യന്ത്രം വിതരണം | 02/15-16/ 21-03-16 | ₹1294850/- |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം നടപ്പിലാക്കിയ വനിതാഗ്രൂപ്പ്കൾക്ക് പവർസ്പ്രെയർ , കാട്ടുവെട്ട് യന്ത്രം വാങ്ങി നൽകൽ എന്ന പ്രോജക്റ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന വനിത സ്വയം സഹായ സംഘങ്ങൾക്ക് പവർ സ്പ്രെയർ, കാട്ടുവെട്ട് യന്ത്രം എന്നിവ സബ്സിഡി നിരക്കിൽ കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ, തൊടുപുഴയിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 362/13/16-11-2013 ലെ സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 16 ക്രമനമ്പർ 3.1 കുറിപ്പ് 3 അനുസരിച്ച് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തപ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണെന്നും എന്നാൽ പ്രോജക്ടിന്റെ നിർവ്വഹണം ഗ്രാമപഞ്ചായത്തിന്റേതായിരിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനു വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതിനിർവ്വഹണം ഏറ്റെടുത്ത് നടപ്പിലാക്കിയത് പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടുകൾ നടപ്പിലാക്കിയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി നഷ്ടം ₹39751/-

കോൺക്രീറ്റ് റോഡ് നിർമാണത്തിൽ 1:4:8 അനുപാതത്തിലുള്ള സബ് ബേസ് കോൺക്രീറ്റിംഗിനു മുകളിൽ 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗ് നടത്തുന്നതിന് ഡി.എസ്.ആർ ഇനം 4.1.3 പ്രകാരം കോൺട്രാക്ടർക്ക് 1.5524 കോസ്റ്റ് ഇൻഡക്സിൽ (1-8-15മുതൽ) 8485/എം3 നിരക്കാണ് നൽകേണ്ടത് . എന്നാൽ താഴെ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികളിൽ ഡി.എസ്.ആർ ഇനം 11.7 അനുസരിച്ചുള്ള സി.സി 1:2:4 ന്റെ മുകളിൽ മിനുക്കു പണി ഉൾപ്പടെയുള്ള ഫ്ലോറിംഗിനുള്ള നിരക്കായ 8940.58/എം3 നിരക്കാണ് നൽകിയിരിക്കുന്നത്.

| ക്ര.നം | പ്രവൃത്തിയുടെ വിവരം/ പ്രോ.നം | എം.ബുക്ക് നം./ അടങ്കൽ ബിൽ നം & തുക | സി.സി 1:2:4 ചെയ്ത അളവ് എം3 | ₹ 8940.58/എം3 നിരക്കിൽ നൽകിയ തുക | ₹ 8485/എം3 നിരക്കിൽ നൽകാവുന്ന തുക | എ.എസിൽ പരിമിതപ്പെടുത്തുന്നതിന് കുറച്ച തുക | ടെൻഡർ കിഴിവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| 1) | പച്ചോലിപ്പടി പുതുശ്ശേരി കോൺക്രീറ്റിംഗ് 18/16 | 399/15-16 500000/- 33/15-16/ 26-3-16 ₹399950/- | 24.075 | 215244 | 204276 | 2456 | 2205 (20.10%) | 6307 |
| 2) | പത്തുകമ്പനി പെരുമാംകുളം | 405/15-16 | 22.90 | 204739 | 194307 | 734 | 2425 | 7273 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റിംഗ് 85/16 | 500000/- 30/15-16/ 30-3-16 ₹375000/- | | | | | (25%) | |
| 3) | വാരിയാനിപ്പടി കള്ളിമാലി റോഡ് കോൺക്രീറ്റിംഗ് 2/16 | 327/15-16 500000/- 23/15-16/ 22-3-16 ₹409000/- | 24.69 | 220743 | 209495 | 379 | 1978 (18.2%) | 8891 |
| 4) | ഉപ്പാറഹൽ കാറ്റതി റോഡ് കോൺക്രീറ്റിംഗ് 55/16 | 347/15-16 500000/- 21/15-16/ 22-3-16 ₹450000/- | 24.075 | 215244 | 204276 | 1489 | 948 (10%) | 8531 |
| 5) | പുതകിൽ എൻ.ആർ.സിറ്റി-നട്ടമറ്റം റോഡ് കോൺക്രീറ്റിംഗ് 59/16 | 326/15-16 500000/- 19/15-16/ 22-3-16 ₹396914/- | 24.007 | 214637 | 203699 | - | 2189 (20.01%) | 8749 |
| ആകെ | | | | | | | | ₹39751 |

ഓഡിറ്റിൽ കണ്ടെത്തിയ വിവരം ഓഡിറ്റ് എൻക്വയറി (നം.3) മുഖേന എ.ഇ.ഇ. യെ അറിയിച്ചെങ്കിലും മറുപടി ലഭിച്ചില്ല. അധികം നൽകിയ ₹39751/-എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്ത അസി.എൻജിനീയർ, അസി.എക്സി. എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-5 ബിറ്റുമിന്റെ വിലവ്യത്യാസം കരാറുകാരനിൽ നിന്നും ഈടാക്കിയില്ല. നഷ്ടം ₹88819/- തടസ്സപ്പെടുത്തുന്നു

ഡി.സി.ആർ. പ്രകാരമുള്ള ബിറ്റുമിന്റെ വിലയായ ₹50600/-ടൺ നിരക്കാണ് റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാർക്ക് നൽകിയിരിക്കുന്നത്. എന്നാൽ 2015-16 വർഷം ബിറ്റുമിന്റെ മാർക്കറ്റ് വില ഇതിലും കുറവാണ്. 18.3.2014ലെ ജി.ഒ (ആർ.ടി) 789/14 തസ്വഭവ പ്രകാരം ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ പ്രകാരമുള്ള തുകയാണ് ബിറ്റുമിന്റെ വിലയായി അനുവദിക്കാവുന്നത്. ഈ ഉത്തരവ് നാളിതുവരെ റദ്ദ ചെയ്യപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ഡി.എസ്.ആർ. പ്രകാരമുള്ള ബിറ്റുമിന്റെ വിലയായ ₹50600/- ടൺ നൽകിയതിനാൽ ₹88819/- യുടെ നഷ്ടം പഞ്ചായത്തിന് ഉണ്ടായിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു. ഇക്കാര്യത്തിൽ വ്യക്തമായ സ്പഷ്ടീകരണം സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതുവരെ നഷ്ടം സംഭവിച്ച തുക ₹88819/- തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ പ്രൊജക്ട് നം. അടങ്കൽ | കോൺട്രാക്ടറുടെ പേര്/ എം ബുക്ക്നം/ ബിൽ നം/ തുക | ബിറ്റുമിന്റെ അളവ് (കി.ഗ്രാം) | DSR പ്രകാരം നൽകിയ തുക (50.60/ kg) | മാർക്കറ്റ് വില | എ.എസിൽ പരിമിതപ്പെട്ടുന്നതിന് കുറച്ച തുക | ടെൻഡർ കിഴിവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | പനച്ചിക്കുഴി- പന്നിയാർകുട്ടി റോഡ് ടാറിംഗ് 76/16 500000/- | ഷാജി ജോസഫ് 471/15-16 51/31.3.16 473267/- | 1398 | ₹70739 | ₹41744/- ബി.പി. സി.എൽ കൊച്ചി ഇൻവോയിസ് നമ്പർ 339/15.3.16 | 3912 | 1201 (4.79%) | ₹23882/- |
| 2 | പന്നിയാർകുട്ടി- ഉണ്ടമല- തത്തംപിള്ളി ക്കവല റോഡ് ടാറിംഗ് 3/16 500000 | ഷാജി ജോസഫ് 251/15-16 40/15-15/ 31.3.16 471050 | 1978 | ₹100087 | ₹59064/- ബി.പി. സി.എൽ കൊച്ചി ഇൻവോയിസ് നമ്പർ 339/ 15.3.2016 | 16801 | 1402 (5.79%) | ₹22820 |
| 3 | വട്ടപ്പാറ മന്നാക്കുടി റോഡ് ടാറിംഗ് 5/16 500000/- | അനീഷ് കുമാർ 397/15-16 39/15-15/ 30.3.16 380000/- | 1931 | ₹97709 | ₹60421/- 15563/ 24-3-16 (സിഡ്കോ കൊച്ചി) | 3665 | 8066 (23.99%) | 25557 |
| 4 | എടത്വമെട്ട് ആദിയാർപുരം എസ്.സി. കോളനി റോഡ് ടാറിംഗ് 42/16 500000/- | അനീഷ് കുമാർ 461/15-16 42/15-15/ 31.3.16 405000/- | 1255 | ₹63503 | ₹38177/- 155454/ 4-3-16 (സിഡ്കോ കൊച്ചി) | 4882 | 3884 (19%) | 16560 |
| | | | | | | | ആകെ | 88819/- |

ഓഡിറ്റിൽ കണ്ടെത്തിയ വിവരം എ.ഇ.ഇ. യെ രേഖാമൂലം (ഓഡിറ്റ് എൻക്വയറി 5) അറിയിച്ചെങ്കിലും മറുപടി ലഭിച്ചില്ല.

## 3-6 സ്നേഹസ്പർശം-പാലിയേറ്റീവ് പരിചരണം മറ്റ് ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽ ചെയ്യുന്ന സേവനങ്ങൾക്ക് വിഹിതം ലഭ്യമാക്കിയില്ല.

സെക്കന്ററി ലെവൽ പാലിയേറ്റീവ് പരിചരണങ്ങൾക്കായി ആവിഷ്കരിച്ച നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം നെടുങ്കണ്ടം ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളിൽ കൂടാതെ കട്ടപ്പന ബ്ലോക്കിലെ ചക്കുപള്ളം, വണ്ടൻമേട് ഗ്രാമപഞ്ചായത്തുകളിലും ദേവികുളം ബ്ലോക്കിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിലും കൂടി സേവനം എത്തിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിക്കാവശ്യമായ വിഹിതം ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുകൂടി ലഭ്യമാകുന്ന പക്ഷം പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുന്നതാണ്. ഇതിനാവശ്യമായ നടപടി ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

# ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവനപദ്ധതി | സ.ഉ.നം. 1673/2010 തസ്വഭവ. തീ.19.05.2010 | 17019750 | 7867775 | 2497920 | - | 5369885 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 32 | 2000-2001 | അവലോകനം | അനർഹർക്ക് ധനസഹായം നല്കി | ലഭ്യമല്ല |
| ടി | 35 | | അവലോകനം | ടിഷ്യൂ കൾച്ചർ യൂണിറ്റ് ഒരു ലക്ഷം രൂപ നഷ്ടം | ലഭ്യമല്ല |
| 2000-2001 | 20 | 2003-2004 | --- | വ്യവസായ എസ്റ്റേറ്റിന് വാങ്ങിയ സ്ഥലം സ്കൂൾ പണിയാൻ വിട്ടു നല്കി | ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹112422148 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹124388664 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹627770 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | | 499200 | പ്രിൻസ് മാത്യു,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-4 | | 19875 | അബ്ദുൾ സമദ് പി.എസ്.<br>അസി .എൻജിനീയർ |
| | | 19876 | ജി.ശിവകുമാർ,<br>അസി. എക്സി.എൻജിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 3-5 | 44409 | അബ്ദുൾ സമദ് പി.എസ്.<br>അസി .എൻജിനീയർ |
| | 44410 | ജി.ശിവകുമാർ,<br>അസി. എക്സി.എൻജിനീയർ |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക.2-2,3-3

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രിൻസ് മാത്യു, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം നെടുങ്കണ്ടം | പെരുമാട്ടിക്കുന്നേൽ, അട്ടപ്പള്ളം പി ഒ കുമളി |
| അബ്ദുൾ സമദ് പി.എസ്. അസി .എൻജിനീയർ | എൽ എസ് ജി ഡി, സബ് ഡിവിഷൻ നെടുങ്കണ്ടം | പെരുമാക്കുടിയിൽ വീട്, സേനാപതി. |
| ജി.ശിവകുമാർ, അസി. എക്സി.എൻജിനീയർ | എൽ എസ് ജി ഡി, സബ് ഡിവിഷൻ നെടുങ്കണ്ടം | ആയില്യം, മുനിസിപ്പൽ ഓഫീസ് വാർഡ്, ആലപ്പുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96&<br>96-97 | എൽ എഫ് ഐ.3/443/98/08.03.1999 |

| | |
|---|---|
| 1997-98 | എൽ എഫ് ഐ.3/11/99/05.07.1999 |
| 1998-99 | എൽ.എഫ്ഐ.3/ 299/2000/06.11.2000 |
| 1999-2000 | എൽ.എഫ്.ഐ.3/ 744/2000/20.02.2001 |
| 2000-2001 | എൽ.എഫ്.ഐ.3/ 742/2002/05.04.2003 |
| 2001-2002 | എൽ.എഫ്.ഐ.4/ 231/04/08.09.2004 |
| 2002-03 | എൽ.എഫ്.ഐ.4/ 26/2005/28.01.2005 |
| 2003-04 | എൽ.എഫ്.ഐ.4/ 287/2005/04.07.2005 |
| 2004-05 | എൽ.എഫ്.ഐ.4/ 1033/2006/24.01.2007 |
| 2005-06 | എൽ.എഫ്.ഐ.4/ 514/08/29.08.2008 |
| 2006-07 | എൽ.എഫ്.ഐ.4/ 287/2009/01.10.2009 |
| 2007-08 | എൽ.എഫ്.ഐ.4/ 851/10/29.11.10 |
| 2008-09 | എൽ.എഫ്.ഐ.4/ 280/11/08.08.2011 |
| 2009-10& 2010-11 | എൽ.എഫ്.ഐ.4/ 1385/12/02.08.2013 |
| 2011-12& 2012-13 | എൽ.എഫ്.ഐ.4/ 393/14/07.06.14 |
| 2013-14& 2014-15 | കെ.എസ്.എ.ഐ.ഡി.കെ12/ 1398/2015 തീ. 30.03.2016 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## <u>അനുബന്ധം - 1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.ഐ.ഡി.കെ 12/27/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Ph.No. 04862-227332
ഇ-മെയിൽ : doidk.ksad@kerala.gov.in
തീയതി : 04.03.2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെടുംകണ്ടം ബ്ലോക്ക് ഗ്രാമ പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No.KSAIDK/12/27/2017

Kerala State Audit Department
District Audit Office
Idukki, Thodupuzha
Ph.No. 04862-227332
E-mail: doidk.ksad@kerala.gov.in

Dated: 04.03.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Nedumkandom Block Panchayat in Idukki District for the year ended on 31.3.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Nedumkandom Block Panchayat for the year 2015-16 except observations in my Audit Report properly presents the picture of income & expenditure.

SENIOR DEPUTY DIRECTOR